# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2645 09.03.2017-ലെ മറുപടി

### പൈപ്പ് പൊട്ടി ഉണ്ടാകുന്ന ജലചോർച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ റോഡുകളിൽ അങ്ങിങ്ങായി പൈപ്പ് ലൈനുകൾ പൊട്ടി ജലം ഒഴുകിപ്പോകുന്നത് പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ കീഴിൽ ഓരോ ഓഫീസിലും ഒരു എമർജൻസി ടാസ്ക് ഫോഴ്സിനെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ വാട്ടർ അതോറിറ്റി നേരിട്ട് ലീക്ക് പരിഹരിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്; കൂടാതെ കരാറുകാരെ ഒഴിവാക്കി നേരിട്ടു തന്നെ ലീക്കുകൾ പരിഹരിക്കുന്നതിന് പ്രത്യേകം ടാസ്ക് ഫോഴ്സ് "ബ്ലൂ ബ്രിഗേഡ്" എന്ന പേരിൽ ഇപ്പോൾ തന്നെ ഏതാനും പ്രധാന പദ്ധതി പ്രദേശങ്ങളിൽ നിലവിലുണ്ട് ഇത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. |
| ബി പൈപ്പ് പൊട്ടിയുണ്ടാകുന്ന ജലചോർച്ച തടയുന്നതിൽ കേരള വാട്ടർ അതോറിറ്റി കാണിക്കുന്ന അലംഭാവവും ഇതിലൂടെയുണ്ടാകുന്ന ജലനഷ്ടവും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി കരാറുകാർ വഴിയും "ബ്ലൂ ബ്രിഗേഡ്" യൂണിറ്റുകൾ വഴിയുമാണ് അറ്റകുറ്റപണികൾ നടത്തുന്നത്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസം മൂലം അറ്റകുറ്റപണികൾക്ക് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റ പണികൾ നടത്തി ജലവിതരണം പുന:സ്ഥാപിക്കുന്നുണ്ട്. ഈ വരൾച്ച കാലത്ത് പൈപ്പ് ലീക്കുകൾ ശ്രദ്ധയിൽപ്പെട്ട് 12 മണിക്കൂറിനുള്ളിൽ കേടുപാടുകൾ തീർക്കുവാൻ യത്നിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ജലനഷ്ടം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ 18004255313 എന്ന ടോൾഫ്രീ നമ്പരിലേയ്ക്ക് വിളിക്കാവുന്നതരത്തിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. |

Renaka Sankar
സെക്ഷൻ ഓഫീസർ